യോഹ. 4 : 1 – 26

**2024 ജനുവരി 28**

# വചനസന്ദേശം

**ഫാ. ജോസഫ് പള്ളാട്ടിൽ**

സമരിയാക്കാരിയെ മനസ്സിലാക്കുന്ന യേശു

യോഹന്നാന്റെ സുവിശേഷത്തിലെ ഒരു അധ്യായം തന്നെ സുദീർഘമായി അവതരിപ്പിക്കുന്ന രംഗമാണ് യേശുവും സമരിയാക്കാരി സ്ത്രീയും തമ്മിൽ നടക്കുന്ന സംഭാഷണം. സുവിശേഷത്തിലെ ഈ രംഗത്തിന്റെ സ്ഥാനവും, ദീർഘമായ പ്രതിപാദനവും, അവതരണ ശൈലിയും കൊണ്ട് ഈ സംഭാഷണരംഗം അതീവ പ്രാധാന്യമുള്ളതാണെന്ന് നാം മനസ്സിലാക്കുന്നു.

ഒരു സ്ത്രീയുടെ വാക്കുകേട്ട് ഒരു ഗ്രാമം മുഴുവൻ യേശുവിനെ സ്വീകരക്കുന്നു എന്നുള്ളത് ഒരു ചെറിയ കാര്യമല്ല. സുവിശേഷം വായിക്കുമ്പോൾ ആകെ ഒരു കാര്യം മാത്രമാണ് സമരിയാക്കാരി തന്റെ പട്ടണവാസികളോട് പറഞ്ഞത്. ''ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോട് പറഞ്ഞ ഒരു മനുഷ്യനെ നിങ്ങൾ വന്നു കാണുവിൻ. ഇവൻ തന്നെ ആയിരിക്കുമോ ക്രിസ്തു?'' ഉള്ളടക്കം പരിശോധിച്ചാൽ ഒരു സംശയം മാത്രം പങ്കുവയ്ക്കുന്ന ഈ വാചകത്തിനു പുറകേ ഒരു പട്ടണം മുഴുവൻ ഇറങ്ങിയോടി എങ്കിൽ അത് പറഞ്ഞവളുടെ അവതരണത്തിലുൾച്ചേർന്നിരിക്കുന്ന ബോധ്യവും, വശ്യതയും, തീയും എന്തുമാത്രമായിരിക്കണം!

ഇതിന്റെ ഉത്തരം ഈശോയുടെ സംഭാഷണത്തിലുണ്ട്. ഇവൾ ചെയ്ത കാര്യം എന്ന ഭാവേന ഈശോ ഇതു മാത്രമാണ് പറഞ്ഞത്, ''നിനക്ക് അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നു. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല.'' ഈ വചനമാണ് സമരിയാക്കാരിയെയും തുടർന്ന് പട്ടണവാസികളെയും യേശുവിലേക്ക് ആകർഷിച്ചത്. യേശു പറഞ്ഞ ഈ വചനത്തിന്റെ അർത്ഥം എന്താണ്? തന്നോടു സംസാരിക്കുന്നവൾ ഭർത്താക്കന്മാരെ മാറി മാറി പരീക്ഷിക്കുന്ന ഒരു വഴിപിഴച്ച സ്ത്രീയാണെന്ന സാധാരണമായ ഒരു അർത്ഥത്തിൽ അതിനെ എടുക്കാം. എന്നാൽ സമരിയായുടെയും ഇസ്രായേലിന്റെയും ചരിത്രത്തിന്റെ പശ്ചാത്തത്തിൽ കൂടി യേശുവിന്റെ ഈ വചനത്തെ മനസ്സിലാക്കുമ്പോൾ കാര്യങ്ങൾ കുറേക്കൂടി വ്യക്തമാകും.

അഞ്ചു ഭർത്താക്കന്മാർ യേശു അഭിസംബോധന ചെയ്യുന്ന പ്രദേശത്തെ വിവിധ കാഘട്ടങ്ങളിൽ അടിച്ചമർത്തിയ അഞ്ചു രാജ്യങ്ങളാണ്. ഈജിപ്ത്, അസ്സീറിയ, ബാബിലോൺ, പേർഷ്യ, റോമാ സാമ്രാജ്യം. ഇപ്പോഴുള്ളവൻ നിന്റെ ഭർത്താവല്ല എന്നു പറയുമ്പോൾ യേശു ആ സ്ത്രീയോടു സംസാരിക്കുന്ന സമയത്തെ രാഷ്ട്രീയ-സാമൂഹിക പശ്ചാത്തലമാണ്. റോമാക്കാരുടെ കീഴിൽ എന്നാൽ പ്രാദേശിക ഭരണാധികാരികളുടെ മേൽനോട്ടത്തിൽ കഴിയുന്ന ഈ ജനം. ഈ കാലയളവോളം ഇവൾ ഉൾപ്പെടുന്ന ജനം അനുഭവിച്ച യാതനകൾ, അവഹേളനങ്ങൾ, അടിച്ചമർത്തലുകൾ, നാടുകടത്തലുകൾ. ഒരു സ്ത്രീ എന്ന നിലയിൽ ആ ജനസമൂഹത്തിലെ സ്ത്രീസമൂഹം അനുഭവിച്ച ചൂഷണങ്ങൾ, എല്ലാം യേശുവിന്റെ ആ ഒറ്റ വചനത്തിലുണ്ട്. ചുരുക്കത്തിൽ യേശു അവളോടു പറഞ്ഞത് ''സ്ത്രീയേ, എനിക്ക് നിന്നെ മനസ്സിലാകുന്നുണ്ട്'' എന്നാണ്. "I can understand you." നിന്നെ എനിക്കറിയാം. നിന്റെ സമൂഹത്തെ എനിക്കറിയാം. ആ സമൂഹത്തിന്റെ ചരിത്രം എനിക്കറിയാം. ആ ചരിത്രം നിങ്ങളിൽ അടിച്ചേല്പിച്ച ആഘാതങ്ങൾ എനിക്കറിയാം. എനിക്ക് നിന്നെ മനസ്സിലാവുന്നുണ്ട്.

ഈ മനസ്സിലാക്കലിലാണ് അവൾ തന്റെ ഭാരം മുഴുവൻ കർത്താവിന്റെ മുമ്പിലേക്ക് ഒരു കുടം കണക്കേ ഇറക്കി വയ്ക്കുന്നത്. അല്ലെങ്കിലും, നമ്മെ മനസ്സിലാക്കുന്നവരുടെ മുമ്പിലല്ലെ മനസ്സിന്റെ ഭാരങ്ങൾ ഇറക്കിവയ്ക്കാൻ നാം ഇഷ്ടപ്പെടൂ. 'നമ്മളെ മനസ്സിലാക്കുന്ന ഒരുവൻ ഇതാ' എന്നതാണ് അവളുടെ സാക്ഷ്യം. യഹൂദരുടെ ജാതിവ്യവസ്ഥയെ മാത്രമല്ല, വിജാതീയ ജനതയെക്കൂടി മനസ്സിലാക്കുന്ന ഒരു രക്ഷകനെ തേടിയാണ് പട്ടണം മുഴുവൻ യേശുവിൽ എത്തുന്നത്.

എന്താണ് ഈ വചനഭാഗം നല്കുന്ന സന്ദേശം? മറ്റുള്ളവരെ മനസ്സിലാക്കാൻ നാം നടത്തുന്ന ഓരോ ശ്രമവും നമ്മളെ ക്രിസ്തുവിനോളം വലുതാക്കുന്നുണ്ട്. നമ്മുടെ മുമ്പിൽ വരുന്നവരെ, നമ്മോടൊപ്പം ജീവിക്കുന്നവരെ മനസ്സിലാക്കാൻ പരാജയപ്പെടുന്നിടത്താണ് അസ്വസ്ഥതകൾ ഉണ്ടാകുന്നത്. നമുക്ക് മറ്റുള്ളവരെ മനസ്സിലാക്കാൻ ശ്രമിക്കാം. ദൈവവും നമ്മെ നമ്മളായിരിക്കുന്നതുപോലെ മനസ്സിലാക്കുന്നുണ്ട്. എന്ന ബോധ്യത്തിലേക്കും നമുക്ക് വളരാം. F